"ഭരണഭാഷ - മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മൃഗസംരക്ഷണ വകുപ്പ് - ജീവനക്കാര്യം - മൃഗസംരക്ഷണ വകുപ്പിൽ കണ്ണൂർ ജില്ലയിലെ വിവിധ സബ് സെന്ററുകളിൽ കാഷ്വൽ സ്വീപ്പർമാരായി ജോലി നോക്കുന്ന ശ്രീ.അരുൺകുമാർ.കെ.വി മുതൽപേരായ 14 കാഷ്വൽ സ്വീപ്പർമാരെ തൽസ്ഥിതിയിൽ തുടരുന്നതിനും, 2004 ലേയും 2009 ലേയും തുടർന്നുള്ള ശമ്പളപരിഷ്കരണ ഉത്തരവുകൾക്കനുസരിച്ചുമുള്ള റഗുലർ പാർട്ട് ടൈം സ്വീപ്പർമാർക്കുള്ള ശമ്പള വർദ്ധനവുകൾ അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി(മൃഗസംരക്ഷണ- ഇ)വകുപ്പ്**

സ.ഉ.(കൈ)നം.20/2021/എ.എച്ച്.ഡി തീയതി, തിരുവനന്തപുരം, 19.07.2021

---

പരാമർശം:-
1. സ.ഉ.(പി)501/2005 തീയതി 25.11.2005.
2. സ.ഉ (പി) നം .61/2010/ധന തീയതി 09.02.2010.
3. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ (ഇ.കെ.എം)121/2016 നമ്പർ കേസിന്മേലുള്ള 21.12.17 തീയതിയിലെ അന്തിമ വിധിന്യായം.
4. OP(KAT) 102/2019 ന്മേൽ ബഹു.ഹൈക്കോടതി 09.03.2021 തീയതിയായി പുറപ്പെടുവിച്ച വിധിന്യായം.

**ഉത്തരവ്**

മൃഗസംരക്ഷണ വകുപ്പിൽ കണ്ണൂർ ജില്ലയിലെ വിവിധ സബ് സെന്ററുകളിൽ കാഷ്വൽ സ്വീപ്പർമാരായി ജോലി നോക്കുന്ന ശ്രീ.അരുൺകുമാർ.കെ.വി മുതൽപേരായ 14 കാഷ്വൽ സ്വീപ്പർമാർ തൽസ്ഥിതിയിൽ തുടരാനും റഗുലർ പാർട്ട് ടൈം സ്വീപ്പർക്കുള്ള വേതനം 01.03.2004 മുതൽ അനുവദിച്ച നൽകുന്നതിനും തുടർന്നുള്ള വർദ്ധനവുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഒ.എ (ഇ.കെ.എം) 121/2016 നമ്പരായി കേസ് ഫയൽ ചെയ്യുകയുണ്ടായി.

2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ അപേക്ഷകർക്ക് തൽസ്ഥിതിയിൽ തുടരുന്നതിന് അർഹതയുണ്ടെന്നും ടിയാളുകൾക്ക് റഗുലർ പാർട്ട് ടൈം സ്വീപ്പർക്കുള്ള വേതനം അനുവദിച്ച നൽകുന്നതിനും (2300+DA wef 01.03.2004 and 4250+DA wef 01.07.2009) തുടർന്നുള്ള ശമ്പള പരിഷ്കരണമനുസരിച്ചുള്ള വർദ്ധനവുകൾ അനുവദിക്കുന്നതിനും ഉത്തരവാകുകയുണ്ടായി.

3. പ്രസ്തുത അന്തിമ വിധിന്യായം പാലിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിക്കുകയുണ്ടായി. പരാമർശം (2) ഉത്തരവിലെ ഖണ്ഡിക 3 ( vi) (annexure A5) അനുസരിച്ച് 100 ച.മീ താഴെ സ്വീപ്പിങ്ങ് ഏരിയ ഉള്ള ഓഫീസുകളിലും കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സ്ഥിരം പാർട്ട് ടൈം സ്വീപ്പറുടെ വേതനം വാങ്ങി വരുന്ന എല്ലാ സ്വീപ്പർമാരും പരാമർശം (1) ഉത്തരവിലെ Clause 11 അനുസരിച്ചുള്ള pay protection ന് അർഹരാണെന്ന് വ്യക്തത വരുത്തിയിരുന്നു. എന്നാൽ ഒ.എ (ഇ.കെ.എം) 121/2016 നമ്പർ കേസിലെ പരാതിക്കാരായ 14 കാഷ്വൽ സ്വീപ്പർമാരും ജോലി ചെയ്തിരുന്ന ഓഫീസുകളിൽ refix ചെയ്തതിനെ തുടർന്നല്ല സ്വീപ്പിങ്ങ് ഏരിയ 100 ച.മീ താഴെ വന്നത്. മാത്രമല്ല പരാതിക്കാർ ആരും തന്നെ നിലവിൽ കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സ്ഥിരം പാർട്ട് ടൈം സ്വീപ്പറുടെ വേതനം വാങ്ങി വരുന്നവരും അല്ല. മേൽ സാഹചര്യത്തിൽ, പരാമർശം (2) ഉത്തരവിലെ ഖണ്ഡിക 3 (vi) (Annexure A5)

അനുസരിച്ചുള്ള ആനുകൂല്യത്തിന് പരാതിക്കാർ അർഹരല്ലാത്തതിനാൽ ഒ.എ (ഇ.കെ.എം) 121/2016 നമ്പർ കേസിലെ അന്തിമ വിധിക്കെതിരെ OP(KAT) 102/2019 അപ്പീൽ ഫയൽ ചെയ്യുകയുണ്ടായി.

4. എന്നാൽ പ്രസ്തുത അപ്പീൽ ബഹു.ഹൈക്കോടതി തള്ളുകയും സമാന വിഷയത്തിൽ TA 7538/2012 നമ്പർ കേസിന്മേലുള്ള ബഹു.ട്രിബ്യൂണലിന്റെ 27.11.2018 - ലെ ഉത്തരവ് പ്രകാരമുള്ള നടപടി സ്വീകരിക്കാൻ പരാമർശം (4) പ്രകാരം ബഹു.ഹൈക്കോടതി ഉത്തരവാകുകയുമുണ്ടായി. പ്രസ്തുത വിധിന്യായത്തിന്റെ വെളിച്ചത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ആയതിന്റെ അടിസ്ഥാനത്തിൽ മൃഗസംരക്ഷണ വകുപ്പിൽ കണ്ണൂർ ജില്ലയിലെ വിവിധ സബ് സെന്ററുകളിൽ കാഷ്വൽ സ്വീപ്പർമാരായി ജോലി നോക്കുന്ന ശ്രീ.അരുൺകുമാർ.കെ.വി മുതൽപേരായ 14 കാഷ്വൽ സ്വീപ്പർമാരെ തൽസ്ഥിതിയിൽ തുടരുന്നതിനും, 2004 ലേയും 2009 ലേയും (2300+DA wef 01.03.2004 and 4250+DA wef 01.07.2009) തുടർന്നുള്ള ശമ്പളപരിഷ്കരണ ഉത്തരവുകൾക്കനുസരിച്ചുമുള്ള റഗുലർ പാർട്ട് ടൈം സ്വീപ്പർമാർക്കുള്ള ശമ്പള വർദ്ധനവുകൾ അനുവദിച്ചു കൊണ്ടും ഉത്തരവാകുന്നു.

5. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA(EKM) 121/2016 നമ്പർ കേസിന്മേലുള്ള 21.12.17 തീയതിയിലെ അന്തിമ വിധിന്യായം ഇപ്രകാരം പാലിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**ടിങ്കു ബിസ്വാൾ**
സെക്രട്ടറി

ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് , തിരുവനന്തപുരം.
ബന്ധപ്പെട്ട വ്യക്തിക്ക് (മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ മുഖേന)
അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (U.O.(F) No.947690/EXP-C2/81/2018-Fin dated 24.05.2021)
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ ഉത്തരവ് ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 15-07-2021

ഫയൽ നം. ഇ2/406/2018-എ.എച്ച്. ഇനം നം: 109

വിഷയം : കൃഷി (മൃഗസംരക്ഷണ) വകുപ്പ് - മൃഗസംരക്ഷണ വകുപ്പിൽ കണ്ണൂർ ജില്ലയിലെ വിവിധ സബ്സെന്ററുകളിൽ കാഷ്വൽ സ്വീപ്പർമാരായി ജോലി നോക്കുന്ന ശ്രീ. അരുൺകുമാർ കെ. വി. മുതൽപേരായ 14 കാഷ്വൽ സ്വീപ്പർമാരെ തൽസ്ഥിതിയിൽ തുടരുന്നതിനും റഗുലർ പാർട്ട് ടൈം സ്വീപ്പർക്കുള്ള വേതനം 01.03.2004 മുതൽ അനുവദിച്ചു നൽകുന്നതിനും തുടർന്നുള്ള വർദ്ധനവുകൾ അനുവദിക്കുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, കൃഷി (മൃഗസംരക്ഷണ) വകുപ്പ്.

15/7

16/7/21

109

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഇ 2/ 406/ 2018- എ.എച്ച് |
| 2 | വകുപ്പ് | : | കൃഷി (മൃഗസംരക്ഷണ-ഇ) വകുപ്പ് |
| 3 | വിഷയം | : | മൃഗസംരക്ഷണ വകുപ്പിൽ കണ്ണൂർ ജില്ലയിലെ വിവിധ സബ് സെന്ററുകളിൽ കാഷ്വൽ സ്വീപ്പർമാരായി ജോലി നോക്കുന്ന ശ്രീ. അരുൺകുമാർ കെ.വി മുതൽപേരായ 14 കാഷ്വൽ സ്വീപ്പർമാരെ തൽസ്ഥിതിയിൽ തുടരുന്നതിനും റഗുലർ പാർട്ട് ടൈം സ്വീപ്പർക്കുള്ള വേതനം 01.03.2004 മുതൽ അനുവദിച്ച് നൽകുന്നതിനും തുടർന്നുള്ള വർദ്ധനവുകൾ അനുവദിക്കുന്നതും സംബന്ധിച്ച്. |
| 4. | മന്ത്രി സഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 22.06.2021 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 01.07.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ . വി . പി .ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 07.07.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി. ചിഞ്ചുറാണി .ജെ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 08.07.2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 08.07.2021 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

മൃഗസംരക്ഷണ വകുപ്പിൽ കണ്ണൂർ ജില്ലയിലെ വിവിധ സബ് സെൻററുകളിൽ കാഷ്വൽ സ്വീപ്പർമാരായി ജോലി നോക്കുന്ന ശ്രീ. അരുൺകുമാർ കെ.വി മുതൽപേരായ 14 കാഷ്വൽ സ്വീപ്പർമാരെ തൽസ്ഥിതിയിൽ തുടരുന്നതിനും റഗുലർ പാർട്ട് ടൈം സ്വീപ്പർക്കുള്ള വേതനം 01.03.2004 മുതൽ അനുവദിച്ചു നൽകുന്നതിനും തുടർന്നുള്ള വർദ്ധനവുകൾ അനുവദിക്കുന്നതും സംബന്ധിച്ച വിഷയമാണ് ഈ കുറിപ്പിലെ പ്രതിപാദ്യം.

2. ശ്രീ. അരുൺകുമാർ കെ.വി യും മറ്റുള്ളവരും ഫയൽ ചെയ്ത ഒ.എ (ഇ.കെ.എം) 121/2016 നമ്പർ കേസിന്മേലുള്ള 21.12.17 തീയതിയിലെ ബഹു. ട്രിബ്യൂണലിന്റെ അന്തിമ വിധി പ്രകാരം അപേക്ഷകരായ 14 കാഷ്വൽ സ്വീപ്പർമാർക്ക് തൽസ്ഥിതിയിൽ തുടരുന്നതിന് അർഹതയുണ്ടെന്നും റഗുലർ പാർട്ട് ടൈം സ്വീപ്പർക്കുള്ള വേതനം അനുവദിച്ചു നൽകുന്നതിനും (2300+DA wef 01.03.2004 and 4250+DA wef 01.07.2009) തുടർന്നുള്ള ശമ്പള പരിഷ്കരണമനുസരിച്ചുള്ള വർദ്ധനവുകൾ അനുവദിക്കുന്നതിനും ഉത്തരവാകുകയുണ്ടായി. തുടർന്ന് പ്രസ്തുത അന്തിമ വിധിന്യായം പാലിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയുണ്ടായി.

3. ടി വിഷയത്തിലുള്ള ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

" 09/02/2010 തീയതിയിലെ സ. ഉ (പി) നം. 61/2010/ധന ഉത്തരവിലെ ഖണ്ഡിക 3 ( vi) (annexure A5) അനുസരിച്ച് 100 ച . മീ താഴെ സ്വീപ്പിങ്ങ് ഏരിയ ഉള്ള ഓഫീസുകളിലും കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സ്ഥിരം പാർട്ട് ടൈം സ്വീപ്പറുടെ വേതനം വാങ്ങി വരുന്ന എല്ലാ സ്വീപ്പർമാരും 25/11/2005 തിയ്യതിയിലെ സ. ഉ (പി) നം. 501/2005/ധന ഉത്തരവിലെ Clause 11 അനുസരിച്ചുള്ള pay protection ന് അർഹരാണെന്ന് വ്യക്തത വരുത്തിയിരുന്നു. എന്നാൽ ഒ.എ (ഇ.കെ.എം) 121/2016 നമ്പർ കേസിലെ പരാതിക്കാരായ 14 കാഷ്വൽ സ്വീപ്പർമാരും ജോലി ചെയ്തിരുന്ന ഓഫീസുകളിൽ refix ചെയ്തതിനെ തുടർന്നല്ല സ്വീപ്പിങ്ങ് ഏരിയ 100 ച . മീ താഴെ വന്നത്.മാത്രമല്ല പരാതിക്കാർ ആരും തന്നെ നിലവിൽ കോടതി

ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സ്ഥിരം പാർട്ട് ടൈം സ്വീപ്പറുടെ വേതനം വാങ്ങി വരുന്നവരും അല്ല. ഈ സാഹചര്യത്തിൽ, 09/02/2010 തിയ്യതിയിലെ സ. ഉ (പി) നം. 61/2010/ധന ഉത്തരവിലെ ഖണ്ഡിക 3 (vi) (Annexure A5) അനുസരിച്ചുള്ള ആനുകൂല്യത്തിന് പരാതിക്കാർ അർഹരല്ലാത്തതിനാൽ മേൽ വസ്തുതകൾ ചൂണ്ടികാട്ടി ഒ.എ (ഇ.കെ.എം) 121/2016 നമ്പർ കേസിലെ അന്തിമ വിധിക്കെതിരെ അടിയന്തിരമായി അപ്പീൽ ഫയൽ ചെയ്യാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു."

4. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഒ.എ (ഇ.കെ.എം) 121/2016 നമ്പർ കേസിലെ 22.12.2017 - ലെ അന്തിമ വിധിക്കെതിരെ ബഹു.ഹൈക്കോടതി മുൻപാകെ OP(KAT) 102/2019 നമ്പറായി അപ്പീൽ ഫയൽ ചെയ്യുകയുണ്ടായി. എന്നാൽ പ്രസ്തുത അപ്പീൽ തള്ളുകയും സമാന വിഷയത്തിൽ TA 7538/2012 നമ്പർ കേസിന്മേലുള്ള ബഹു ട്രിബ്യൂണലിന്റെ 27.11.2018 - ലെ ഉത്തരവ് പ്രകാരമുള്ള നടപടികൾ ഉത്തരവ് കൈപ്പറ്റി 6 ആഴ്ചയ്ക്കകം സ്വീകരിക്കണമെന്ന് 09.03.2021 ൽ ബഹു.ഹൈക്കോടതി ഉത്തരവാകുകയുമുണ്ടായി.

5. ബഹു.ഹൈക്കോടതി OP(KAT) 102/2019 തള്ളിക്കൊണ്ട് ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ, ശ്രീ. അരുൺകുമാർ കെ.വി യും മറ്റുള്ളവരും ഫയൽ ചെയ്ത ഒ.എ (ഇ.കെ.എം) 121/2016 നമ്പർ കേസിന്റെ 21.12.17 തീയതിയിലെ അന്തിമ വിധിന്യായം പാലിക്കുന്നത് സംബന്ധിച്ച് ഒരിക്കൽ കൂടി ധനവകുപ്പിന്റെ അഭിപ്രായം ആരായുകയുണ്ടായി.

6. ടി വിഷയത്തിലുള്ള ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"09/02/2010 തീയതിയിലെ സ. ഉ ( പി ) നം . 61/2010/ ധന ഉത്തരവിലെ ഖണ്ഡിക 3 ( vi) (annexure A5) അനുസരിച്ച് 100 ച . മീ താഴെ സ്വീപ്പിങ്ങ് ഏരിയ ഉള്ള ഓഫീസുകളിലും കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സ്ഥിരം പാർട്ട് ടൈം സ്വീപ്പറുടെ വേതനം വാങ്ങി വരുന്ന എല്ലാ സ്വീപ്പർമാരും 25/11/2005 തിയ്യതി യിലെ സ . ഉ ( പി ) നം . 501/2005/ ധന ഉത്തരവിലെ Clause 11 അനുസരിച്ചുള്ള pay protection ന് അർഹരാണെന്ന് വ്യക്തത വരുത്തിയിരുന്നുവെന്നും എന്നാൽ ഒ . എ

(ഇ.കെ.എം ) 121/2016 നമ്പർ കേസിലെ പരാതിക്കാരായ 14 കാഷ്വൽ സ്വീപ്പർമാരും ജോലി ചെയ്തിരുന്ന ഓഫീസുകളിൽ refix ചെയ്തതിനെ തുടർന്നല്ല സ്വീപ്പിങ്ങ് ഏരിയ 100 ച . മീ താഴെ വന്നതെന്നും മാത്രമല്ല പരാതിക്കാർ ആരും തന്നെ നിലവിൽ കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സ്ഥിരം പാർട്ട് ടൈം സ്വീപ്പറുടെ വേതനം വാങ്ങി വരുന്നവരും അല്ലെന്നും ഈ സാഹചര്യത്തിൽ , 09/02/2010 തിയ്യതിയിലെ സ.ഉ (പി) നം. 61/2010/ ധന ഉത്തരവിലെ ഖണ്ഡിക 3 ( vi) ( Annexure A5) അനുസരിച്ചുള്ള ആനുകൂല്യത്തിന് പരാതിക്കാർ അർഹരല്ലാത്തതിനാലും അപേക്ഷകരായ 14 കാഷ്വൽ സ്വീപ്പർമാരെ തൽസ്ഥിതിയിൽ തുടരുന്നതിനും റഗുലർ പാർട്ട് ടൈം സ്വീപ്പർക്കുള്ള വേതനം 01.03.2004 മുതൽ അനുവദിച്ച് നൽകുന്നതിനും തുടർന്നുള്ള വർദ്ധനവുകൾ അനുവദിക്കുന്നതിനോടും ധനകാര്യ വകുപ്പിന് യോജിക്കാനാവില്ലെന്ന മുൻ അഭിപ്രായത്തിൽ ഉറച്ച് നിൽക്കുന്നതായും ബഹു . ഹൈക്കോടതി OP(KAT) 102/2019 തള്ളിക്കൊണ്ട് ഒ. എ ( ഇ . കെ . എം ) 121/2016 നമ്പർ കേസിന്റെ 21.12.17 തീയതിയിലെ അന്തിമ വിധിന്യായം പാലിക്കണമെന്ന് ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ ഈ വിഷയത്തിന്മേൽ ഭരണവകുപ്പിന് തന്നെ ഉചിതതലത്തിൽ തീരുമാനമെടുക്കാവുന്നതാണെന്നും അറിയിക്കുന്നു ."

7. ബഹു.ഹൈക്കോടതി OP(KAT) 102/2019 തള്ളിക്കൊണ്ട് ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ, OA(EKM) 121/2016 നമ്പർ കേസിന്മേലുള്ള 21.12.17 തീയതിയിലെ അന്തിമ വിധിന്യായം പാലിക്കേണ്ടതുണ്ട്. അല്ലെങ്കിൽ കോടതിയലക്ഷ്യ നടപടിക്ക് സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ ധന വകുപ്പിന്റെ അഭിപ്രായത്തെ മറികടന്നു കൊണ്ട് അപേക്ഷകരായ 14 കാഷ്വൽ സ്വീപ്പർമാരെ തൽസ്ഥിതിയിൽ തുടരുന്നതിനും റഗുലർ പാർട്ട് ടൈം സ്വീപ്പർക്കുള്ള വേതനം അനുവദിച്ച് നൽകുന്നത് സംബന്ധിച്ചുമുള്ള ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ ടി വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനമെടുക്കേണ്ട കാര്യം

ധനവകുപ്പിന്റെ അഭിപ്രായത്തെ മറികടന്നുകൊണ്ട് മൃഗസംരക്ഷണ വകുപ്പിൽ കണ്ണൂർ ജില്ലയിലെ വിവിധ സബ് സെൻററുകളിൽ കാഷ്വൽ സ്വീപ്പർമാരായി ജോലി നോക്കുന്ന ശ്രീ. അരുൺകുമാർ കെ.വി മുതൽപേരായ 14 കാഷ്വൽ സ്വീപ്പർമാരെ തൽസ്ഥിതിയിൽ തുടരുന്നതിനും, 2004 ലേയും 2009 ലേയും (2300+DA wef 01.03.2004 and 4250+DA wef 01.07.2009) തുടർന്നുള്ള ശമ്പളപരിഷ്കരണ ഉത്തരവുകൾക്കനുസരിച്ചുമുള്ള റഗുലർ പാർട്ട് ടൈം സ്വീപ്പർമാർക്കുള്ള ശമ്പള വർദ്ധനവുകൾ അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കാമോ ?